(എഫ്) ഇത് ഒരുതവണ നൽകുന്ന ഗ്രാന്റായതിനാൽ ഈ പദ്ധതി വഴിയുള്ള ധനസഹായം ഇനി തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലഭിക്കുവാൻ സാധ്യതയില്ല.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ പെൻഷൻപ്രായം

61 (510) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ അദ്ധ്യാപകരുടെ പെൻഷൻ പ്രായം 60 ആയി വർദ്ധിപ്പിച്ച് അതിന് മുൻകാലപ്രാബല്യം നൽകിയതിന്റെ പിൻബലത്തിൽ ഇപ്പോൾ, വകുപ്പിൽ ഏതെല്ലാം വിഭാഗത്തിലുള്ള എത്ര അദ്ധ്യാപകർ തുടരുന്നുണ്ട് ; ഈ വിഭാഗങ്ങളിൽ പ്രൊമോഷന് യോഗ്യരായവർ ഉണ്ടോ ;

(ബി) ആരോഗ്യ വകുപ്പിന്റെകീഴിൽ വിരമിക്കൽ തീയതി ഏകീകരണ പ്രകാരമുള്ള മാർച്ച് 31 അല്ലാതെ മറ്റ് മാസങ്ങളിൽ വിരമിക്കൽ അനുവദിച്ചിട്ടുള്ള വകുപ്പുകൾ ഏതെല്ലാമാണ് ;

(സി) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ ഏപ്രിൽ മാസത്തിൽ വിരമിക്കൽ അനുവദിക്കുന്നതിന്റെ യുക്തി എന്താണ് ;

(ഡി) മെഡിക്കൽ വിദ്യാർത്ഥികൾക്ക് വാർഷിക അവധികൾ ലഭ്യമാണോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ പെൻഷൻ പ്രായം വർദ്ധിപ്പിച്ചപ്പോൾ മുൻകാലപ്രാബല്യം നൽകിയിട്ടില്ല. പ്രസ്തുത അദ്ധ്യായനവർഷം ഏപ്രിൽ 30 വരെ സർവ്വീസിൽ ഉണ്ടായിരുന്നവർക്കുമാത്രമേ പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടുള്ളു.

(ബി) മെഡിക്കൽ വിദ്യാഭ്യാസവകുപ്പിലെ അദ്ധ്യാപകർ.

(സി) അക്കാദമിക് വർഷം അവസാനിക്കുന്നത് ഏപ്രിൽ 30-നാണ് അദ്ധ്യയനവർഷം തീരുന്നതിനിടയിൽ അദ്ധ്യാപകർ വിരമിച്ചുപോയാൽ അത് വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിക്കും.

(ഡി) മെഡിക്കൽ കരിക്കുലം അനുസരിച്ച് മെഡിക്കൽ വിദ്യാർത്ഥികൾ വാർഷിക അവധിക്ക് അർഹരല്ല.

മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ്

62 (511) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് കൊടുക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവർക്കുള്ള സ്റ്റൈപ്പന്റ് എത്രയായിരുന്നു ; ഇപ്പോൾ എത്ര ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ദന്തൽ കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷൻ മാനദണ്ഡങ്ങൾ

63 (512) ശ്രീ. പി. എം. എ. സലാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദന്തൽ കോളേജിലെ അദ്ധ്യാപകരുടെ പ്രൊമോഷൻ സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; പ്രൊമോഷൻ സംബന്ധിച്ച അപാകതകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 10(ab) ദന്തൽ കോളേജ് അദ്ധ്യാപകരെ സംബന്ധിച്ച് ബാധകമാണോ ;

(സി) ദന്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ 2007-ലെ റഗുലേഷൻസ് ഒരു കേന്ദ്ര സർക്കാർ ആക്ട് അനുസരിച്ച് ആയതിനാൽ, ദന്തൽ കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷനെ ബാധിക്കുമെന്നത് ശരിയാണോ ;

(ഡി) പ്രൊമോഷൻ സംബന്ധിച്ച് ഹൈക്കോടതി വിധികൾ നിലവിലുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) G.O.(P)No 425/2009/H&FWD dated, 14-12-2009 എന്ന നമ്പർ ഉത്തരവിലേയും അനുബന്ധ ഉത്തരവിലേയും വ്യവസ്ഥകളനുസരിച്ചാണ് ദന്തൽ കോളേജിലെ അദ്ധ്യാപകരുടെ പ്രൊമോഷൻ നടത്തുന്നത്. മേൽസൂചന ഉത്തരവുകളിലെ വ്യവസ്ഥകളെ സംബന്ധിച്ച് ചില പരാതികൾ കിട്ടിയിട്ടുണ്ട്. അവയിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 27-10-2005 മുതൽ ബാധകമാണ്.

(സി) ദന്തൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ റഗുലേഷൻസിനും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും വിധേയമായാണ് ദന്തൽ കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷനുകൾ നടത്തപ്പെടുന്നത്.

(ഡി) ദന്തൽ കോളേജ് അദ്ധ്യാപകരുടെ പ്രൊമോഷനുകൾ സംബന്ധിച്ച കോടതിവിധികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ, പ്രസ്തുത വിധിയിൽ പരിഹരിക്കപ്പെട്ട കാര്യങ്ങൾ പുനഃപരിശോധിക്കേണ്ടതില്ലായെന്നും പരാമർശിച്ചിട്ടുണ്ട്. 27-10-2005-ന് ശേഷം പ്രസ്തുത വിധികളെ ലംഘിച്ചുകൊണ്ട് റഗുലർ പ്രൊമോഷനുകൾ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly